സാധ്യതാപഠന റിപ്പോർട്ട് പ്രകാരം അവനവഞ്ചേരി ഗ്രാമമുക്ക് എന്ന സ്ഥലത്ത് മാത്രമാണ് പുതിയ മാവേലിസ്റ്റോർ തുടങ്ങുന്നതിന് സാധ്യതയുള്ളതായി കാണുന്നതെന്നും അതുപ്രകാരം അവനവഞ്ചേരി ഗ്രാമമുക്ക് എന്ന സ്ഥലത്ത് പുതിയ മാവേലി സ്റ്റോർ തുടങ്ങുന്നതിന് സപ്ലൈകോയുടെ നിലവിലെ മാനദണ്ഡം അനുസരിച്ചുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കണമെന്ന് ആറ്റിങ്ങൽ മുനിസിപ്പാലിറ്റി സെക്രട്ടറിക്ക് ആറ്റിങ്ങൽ ഡിപ്പോയിൽ നിന്ന് കത്തയച്ചിട്ടുണ്ട്. ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയിൽ നിന്നുള്ള മറുപടി ലഭിക്കുന്ന മുറയ്ക്ക് പുതിയ മാവേലിസ്റ്റോർ തുടങ്ങുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## പഞ്ചായത്തുതല സിവിൽ സപ്ലൈസ് വിജിലൻസ് കമ്മിറ്റികൾ

221 (1265) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിവിൽ സപ്ലൈസ് വകുപ്പിന് കീഴിൽ പഞ്ചായത്തുതല വിജിലൻസ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ പ്രവർത്തനങ്ങൾ വിശദമാക്കുമോ ;

(ബി) സിവിൽ സപ്ലൈസ് വകുപ്പിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് പ്രസ്തുത കമ്മിറ്റികൾ എത്രമാത്രം പ്രയോജനപ്പെട്ടുമെന്ന് വിശദമാക്കുമോ ;

(സി) എല്ലാ പഞ്ചായത്തുകളിലും കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) രൂപീകരിച്ചിട്ടില്ലെങ്കിൽ ആയതിനുള്ള നടപടികൾ കൈക്കൊള്ളുമോ ; വിശദമാക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. റേഷൻ സാധനങ്ങൾ യഥാസമയം ശരിയായ അളവിലും തൂക്കത്തിലും ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുക, റേഷൻ സാധനങ്ങളുടെ കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ് ഇവ തടയുക മുതലായ പ്രവർത്തനങ്ങൾക്ക് വിജിലൻസ് സമിതികൾ വകുപ്പിന് സഹായകമാകുന്നുണ്ട്. കൂടാതെ സമിതിയോഗങ്ങളിൽ ഉന്നയിക്കുന്ന പരാതികൾക്ക് പരിഹാരം കാണാനും കഴിയുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും പഞ്ചായത്തുതല വിജിലൻസ് സമിതികൾ രൂപീകരിച്ചിട്ടുണ്ട്. പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും താലൂക്ക് സപ്ലൈ ഓഫീസർ കൺവീനറുമായ കമ്മിറ്റിയിൽ വാർഡ് മെമ്പർമാർ, നിയമസഭയിൽ പ്രാതിനിധ്യമുള്ള എല്ലാ രാഷ്ട്രീയ പാർട്ടികളിൽനിന്നും ഓരോ പ്രതിനിധികൾ, റേഷനിംഗ് ഇൻസ്പെക്ടർ, ലീഗൽ മെട്രോളജി, റവന്യൂ, ഹെൽത്ത്, പഞ്ചായത്ത്, പോലീസ് വകുപ്പുകളിൽനിന്നും ഓരോ പ്രതിനിധികൾ എന്നിവർ അംഗങ്ങളായിരിക്കും. പ്രസ്തുത കമ്മിറ്റി എല്ലാ രണ്ട് മാസത്തിലും ഒരിക്കൽ യോഗം കൂടേണ്ടതുമാകുന്നു. പൊതുവിതരണ രംഗത്തെ അനഭിലഷണീയ പ്രവണതകൾ ഇല്ലാതാക്കാനും പൊതുവിതരണം കൂടുതൽ കാര്യക്ഷമവും സുതാര്യവും പരാതിരഹിതവുമായി നടപ്പിൽ വരുത്തുന്നതിനായി പഞ്ചായത്തുതല ഭക്ഷ്യോപദേശ വിജിലൻസ് സമിതികൾ പ്രവർത്തിച്ചുവരുന്നു.

(ഡി) ബാധകമല്ല.

**ഭക്ഷ്യ സുരക്ഷാ നിയമം**

222 (1266) ശ്രീ. പാലോട് രവി :

ശ്രീ. എം. പി. വിൻസെന്റ് :

ശ്രീ. ഷാഫി പറമ്പിൽ :

ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ ഭക്ഷ്യസുരക്ഷാ നിയമം സംസ്ഥാനത്ത് നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ;

(ബി) ഇതിനായി ഗുണഭോക്താക്കളെ കണ്ടെത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ നൽകുമോ ;

(സി) ഭക്ഷ്യസുരക്ഷാ നിയമം നടപ്പാക്കുമ്പോൾ ഉണ്ടാകാനിടയുള്ള ദോഷങ്ങൾ ദൂരീകരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു ; വിശദമാക്കുമോ ;

(ഡി) പ്രസ്തുത നിയമം നടപ്പാക്കുമ്പോൾ ഇപ്പോൾ ബി.പി.എൽ. വിഭാഗത്തിൽ ഉള്ളവരെയും എ.പി.എൽ. വിഭാഗത്തിലെ അർഹതയുള്ളവരെയും ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ; വിശദാംശങ്ങൾ നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly